**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 907** **14-01-2021 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **Shri. K Raju**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ദൈനംദിനം ആവശ്യമായ പാലിന്റെ അളവ് എത്ര; | (എ) | സംസ്ഥാനത്ത് പ്രതിദിനം 87 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്. |
| (ബി) | ഇതിൽ ഇതരസംസ്ഥാനങ്ങളിൽ നിന്നും ദൈനംദിനം എത്ര ലിറ്റർ പാലാണ് സംസ്ഥാനത്ത് എത്തുന്നത്; ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ വീതം; വ്യക്തമാക്കുമോ; | (ബി) | ഏകദേശം 5 ലക്ഷം ലിറ്റർ പാൽ ഇതരസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്ത് എത്തുന്നുണ്ട്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നും യഥാക്രമം 3.5 ലക്ഷം ലിറ്റർ, 1.5 ലക്ഷം ലിറ്റർ പാൽ എത്തുന്നുണ്ട്. |
| (സി) | ഇവയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ; | (സി) | പാലക്കാട് മീനാക്ഷിപുരത്തും, കൊല്ലം ആര്യങ്കാവിലും ക്ഷീരവികസന വകുപ്പിന്റെ ഗുണനിയന്ത്രണ ലാബ് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. അതിർത്തി കടന്നുവരുന്ന എല്ലാ പാലും ഇവിടെ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ ക്ഷീരവികസന വകുപ്പിന്റെ ജില്ലാതല പാൽ പരിശോധനാ ലാബിൽ അതത് ജില്ലകളിൽ വില്പന നടത്തുന്ന കുറഞ്ഞത് 25 വ്യത്യസ്ത ബ്രാന്റുകളുടെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാസർഗോഡ്, ആലത്തൂർ, കോട്ടയം എന്നിവിടങ്ങളിലെ റീജ്യണൽ ലാബുകളിലും പാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ഉള്ള തിരുവനന്തപുരത്തെ സ്റ്റേറ്റ് ഡയറി ലാബിൽ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഗുണനിലവാര പരിശോധനയ്ക്കായിട്ടുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആൻറിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കൂടാതെ പുറമെയുള്ള NABL |

| | | | |
|---|---|---|---|
| | | | Accreditated ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആൻറി ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തി വരുന്നു. |
| (ഡി) | സംസ്ഥാനത്തിന് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ ഈ സർക്കാർ കാലയളവിനുള്ളിൽ സാധിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | സഹകരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. മലബാർ മേഖലായൂണിയൻ പ്രതിദിനം 2 ലക്ഷം ലിറ്റർ പാൽ അധികമായി സംഭരിക്കുന്നുണ്ട്. ഇങ്ങനെ അധികമായി സംഭരിക്കുന്ന പാൽ തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകൾക്ക് നൽകുകയും ഏകദേശം 90000 ലിറ്റർ പാൽ തമിഴ്നാട്ടിൽ അയച്ച് പാൽപ്പൊടിയായി സൂക്ഷിക്കുകയും ചെയ്യുന്നു. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സമ്പൂർണ്ണ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ